**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6582** **11-11-2021 - ൽ മറുപടിയ്ക്ക്**

**തോട്ടവിള കൃഷി ലാഭകരമാക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തോട്ടവിള കൃഷി ആകർഷകവും ലാഭകരവുമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി അംഗീകരിച്ച് ഉത്തരവായ പ്ലാന്റേഷൻ നയത്തിൽ, തോട്ടം മേഖല ലാഭകരമാക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും തോട്ടങ്ങളിൽ മിശ്രവിളകൃഷി (Mixedcrop), ഇടവിള കൃഷി (Intercrop), ടൂറിസം തുടങ്ങിയവ തോട്ടങ്ങളിലെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താതെ അനുവദിക്കാമെന്ന് വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, ഹോർട്ടികൾച്ചർ, ഫ്ലോറികൾച്ചർ, ഔഷധകൃഷി, ക്ഷീരകൃഷി, തേനീച്ചകൃഷി, മുട്ടകൃഷി, മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുമെന്നും പ്ലാന്റേഷൻ പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരുകൾ സ്വീകരിച്ച നയ സമീപനങ്ങൾ ആഭ്യന്തര കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവിന് ഇടയാക്കിയിട്ടുണ്ടോ; ഇത് തോട്ടവിള കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കേന്ദ്ര സർക്കാരുകളുടെ തെറ്റായ നയസമീപനങ്ങൾ കാരണം ഈ മേഖല പ്രതിസന്ധി നേരിടുന്നുണ്ട്. |
| (സി) | പരമ്പരാഗത തോട്ടവിളകൾക്കു പുറമേ തോട്ടവിളകളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെ ഈ മേഖലയെ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി അംഗീകരിച്ച് ഉത്തരവായ പ്ലാന്റേഷൻ നയത്തിൽ, തോട്ടം മേഖലയുടെ വൈവിധ്യവൽക്കരണത്തിലൂടെ ഹോർട്ടികൾച്ചർ, ഫ്ലോറികൾച്ചർ, ഔഷധകൃഷി, ക്ഷീരകൃഷി, തേനീച്ചകൃഷി, മുട്ടകൃഷി, മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുമെന്ന് പ്ലാന്റേഷൻ പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ